പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5101 15-11-2019-ന് മറുപടിയ്ക്ക്

**ഇടുക്കി കൊന്നത്തടി കൃഷിഭവൻ മുഖേന സമർപ്പിച്ച പ്രോജക്ട്**

ചോദ്യം | ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ഇടുക്കി കൊന്നത്തടി കൃഷി ഭവൻ മുഖേന ഏതെങ്കിലും വ്യക്തികൾ പ്രോജക്ട് സമർപ്പിച്ചിരുന്നോ; | (എ) | ഇല്ല. എന്നാൽ, പ്രളയാനന്തരം കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് ശ്രീ.മൽക്ക, അടിമാലി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ബഹു:എം.എൽ.എ ശ്രീ.റോഷി അഗസ്റ്റിൻ മുഖേന നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ നൽകുമോ; ആയത് ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (ബി) | കുരുമുളക്, തെങ്ങ്, നെല്ല്, കൊക്കോ, ജാതി, പച്ചക്കറി, തുടങ്ങിയ വിളകളുടെ വിസ്തൃതി വ്യാപനവും വിപണനവും, അഗ്രോ പാർക്ക്, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, ഫാം ടൂറിസം തുടങ്ങി കൊന്നത്തടി പഞ്ചായത്തിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള നിർദ്ദേശങ്ങളാണ് നിവേദനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ച് റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് (ആർ.കെ.ഐ) പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിശദമായ പ്രോജക്ട്, കൃത്യമായ പ്രൊഫോർമയിൽ സമർപ്പിക്കുന്നതിനായി ഇടുക്കി ജില്ലാ കൃഷി ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ലോക ബാങ്കിന്റെ സഹായത്തോടെ ഇപ്രകാരം എന്തെല്ലാം പദ്ധതികളാണ് കാർഷിക മേഖലയിൽ നടപ്പു സാമ്പത്തിക വർഷം നടപ്പിൽ വരുത്തുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതിക്കായി 965.394 കോടി രൂപയുടെ 35 പദ്ധതികൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റിവിൽ (ആർ.കെ.ഐ) സമർപ്പിച്ചിട്ടുണ്ട്. സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പ്രോജക്ടിന്റെ പേര് | ഏജൻസി | തുക (രൂപ കോടി) |
|---|---|---|---|
| 1 | മണ്ണുത്തി ബയോകൺട്രോൾ ലാബിലെ വികസനം (ഘട്ടം II) | കാർഷികവികസനകർഷകക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 31.920 |
| 2 | തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ടിഷ്യു കൾച്ചർ ലാബിന്റെ സ്ഥാപനം | കാർഷികവികസനകർഷകക്ഷേമ വകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 20.990 |
| 3 | സംയോജിത കൃഷി സമ്പ്രദായത്തിലൂടെ ഉല്പാദന വർദ്ധനവ് | കാർഷികവികസനകർഷകക്ഷേമ വകുപ്പ് | 40.000 |
| 4 | അതിരപ്പള്ളി ആദിവാസ മേഖല കാർഷിക വികസന പദ്ധതി | കാർഷികവികസനകർഷകക്ഷേമ വകുപ്പ് | 8.000 |
| 5 | അട്ടപ്പാടി മേഖലയിലെ സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസന പദ്ധതി | കാർഷികവികസനകർഷകക്ഷേമ വകുപ്പ് | 8.000 |
| 6 | പച്ചക്കറിയുടെയും, പഴവർഗ്ഗങ്ങളുടെയും ശീതീകരിച്ച വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പദ്ധതി | ഹോർട്ടി കോർപ്പ്, വി എഫ് പി സി കെ | 25.000 |
| 7 | ചക്കയുടെ മൂല്യ വർദ്ധന ശൃംഖല വികസന പദ്ധതി | കാർഷികവികസനകർഷകക്ഷേമവകുപ്പ് & വി എഫ് പി സി കെ | 10.000 |
| 8 | കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല ശാക്തീകരിക്കുന്നതിനുള്ള പദ്ധതി | വി എഫ് പി സി കെ | 15.000 |
| 9 | വെള്ളപ്പൊക്ക നിയന്ത്രണത്തിന് കുട്ടനാട്ടിലെ അടിസ്ഥാന സൗകര്യ വികസനം (ഘട്ടം I) | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 60.000 |
| 10 | വയനാട്ടിൽ ഹോർട്ടികൾച്ചറിനും, പുഷ്പകൃഷിക്കും മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | 4.000 |
| 11 | ഏലം കയറ്റുമതി - ട്രേസബിലിറ്റി സംവിധാനത്തിനായി 'കാർഡൊനെറ്റ്'ന്റെ സ്ഥാപനം | കേരള കാർഷിക സർവകലാശാല | 4.000 |
| 12 | നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിന്റെ വികസനത്തിനുള്ള സംയോജിത ഫാം പരിപാലനം | കാർഷികവികസനകർഷകക്ഷേമവകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 50.000 |
| 13 | കുട്ടനാട് നെൽകൃഷി പരിസ്ഥിതിയുടെ സ്ഥായിയായ വികസനം | കാർഷികവികസനകർഷകക്ഷേമവകുപ്പ് | 2.910 |

| | | | |
|---|---|---|---|
| 14 | തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിൽ വരൾച്ച, വെള്ളപൊക്കം എന്നിവ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം | കെ എസ് ഇ ബി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, കാർഷികവികസനകർഷകക്ഷേമവകുപ്പ് & കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 308.830 |
| 15 | കുട്ടനാട് പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 100.650 |
| 16 | കണ്ണൂർ ജില്ലയിലെ ചെറുകുന്ന്, മയ്യിൽ പഞ്ചായത്തുകളിൽ സംയോജിത അടിസ്ഥാന സൗകര്യ വികസനം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 26.054 |
| 17 | തൃശ്ശൂർ ജില്ലയിലെ കുഴൂർ ഗ്രാമ പഞ്ചായത്തിലെ കക്കുളം മുട്ടകടവ് വികസനം | കേരള ലാൻഡ് ഡെവലപ്മെന്റ് കോർപറേഷൻ | 6.590 |
| 18 | കൃഷി ടൂറിസം മുഖേന ഉപജീവന സുരക്ഷ മെച്ചപ്പെടുത്തൽ - കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന-വ്യാപന, ഗവേഷണ കേന്ദ്രങ്ങളിൽ മാതൃകകൾ വികസിപ്പിക്കൽ | കേരള കാർഷിക സർവകലാശാല | 7.500 |
| 19 | കേരളത്തിൽ സുസ്ഥിര കൃഷി വികസനത്തിന് ജൈവ ഉല്പാദനോപാധികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ | കേരള കാർഷിക സർവകലാശാല | 7.000 |
| 20 | ഉത്തമ കാർഷിക മുറകൾ, സംരംഭകത്വം എന്നിവയ്ക്കായി മനുഷ്യ വിഭവശേഷി വികസനം - കൃഷി വകുപ്പിലെ വിജ്ഞാന വ്യാപന ഉദ്യോഗസ്ഥരുടെ നൈപുണ്യ വികസനം | കേരള കാർഷിക സർവകലാശാല | 2.000 |
| 21 | ഗുണവർദ്ധനവ്, സംരംഭകത്വ വികസനം - കേരളത്തിലെ ചെറുകിട കർഷകരുടെ ഉപജീവനം മെച്ചപ്പെടുത്താൻ കേരള കാർഷിക സർവകലാശാലയിൽ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ, ഫാം ബിസിനസ്സ് സ്കൂൾ എന്നിവ സ്ഥാപിക്കൽ | കേരള കാർഷിക സർവകലാശാല | 9.000 |
| 22 | കേരള സംസ്ഥാനത്തിന് കൃഷി സമ്പ്രദായം അടിസ്ഥാനമാക്കിയുള്ള സൈബർ എക്സ്റ്റൻഷൻ മാതൃക വികസിപ്പിക്കൽ | കേരള കാർഷിക സർവകലാശാല | 2.000 |
| 23 | കേരള കാർഷിക സർവകലാശാലയിൽ | കേരള കാർഷിക | 5.140 |

| | | | |
|---|---|---|---|
| | കൃഷിയ്ക്ക് വിജ്ഞാന പരിപാലന സംവിധാനം ഇ-ഗവേർണൻസ് എന്നിവ വികസിപ്പിക്കൽ | സർവകലാശാല | |
| 24 | കേരളത്തിലെ ആദിവാസി സമൂഹത്തിന് രോഗ പ്രതിരോധ വികസനം - പ്രാദേശിക പരമ്പരാഗത ആഹാര രീതികൾ, മെച്ചപ്പെട്ട വിജ്ഞാന വ്യാപനം എന്നിവയിലൂടെ ആദിവാസി സമൂഹത്തിന്റെ ന്യൂട്രീഷനൽ സുരക്ഷ വർധിപ്പിക്കൽ | കേരള കാർഷിക സർവകലാശാല | 2.700 |
| 25 | വയനാട് അമ്പലവയൽ അന്താരാഷ്ട്ര കൺവെൻഷൻ-കം-പ്രദർശന ഹാൾ സ്ഥാപിക്കൽ - വാണിജ്യ കൃഷി സാങ്കേതിക വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനായി | കേരള കാർഷിക സർവകലാശാല | 6.500 |
| 26 | കേരളത്തിലെ വിവിധ കാർഷിക -. കാലാവസ്ഥ സോണുകളിൽ കശുമാവ് തോട്ടങ്ങൾ സ്ഥാപിക്കൽ | കേരള കാർഷിക സർവകലാശാല | 3.000 |
| 27 | യന്ത്രവൽക്കരണ കൃഷിയിലൂടെ കയ്പാട് ജൈവ തണ്ണീർ തടങ്ങളുടെ വികസനം | കേരള കാർഷിക സർവകലാശാല | 0.560 |
| 28 | നെല്ലിന്റെ ജേംപ്ലാസം സംരക്ഷണം, ജൈവ വൈവിധ്യം അടിസ്ഥാനമാക്കിയുള്ള കൃഷി എന്നിവയിലൂടെ കയ്പാട് തണ്ണീർ പാടങ്ങളുടെ സമഗ്ര വികസനം | കേരള കാർഷിക സർവകലാശാല | 5.100 |
| 29 | പബ്ലിക് -പ്രൈവറ്റ് പാർട്ണർഷിപ്പിലൂടെ കയറ്റുമതി ഉല്പന്നങ്ങൾക്കായി കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറികൾ സ്ഥാപിക്കൽ | കേരള കാർഷിക സർവകലാശാല | 50.000 |
| 30 | VAFPCL-ൽ ഉത്പാദന സൗകര്യങ്ങളുടെ വികസനവും ആധുനിക വൽക്കരണവും | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 16.490 |
| 31 | പൈനാപ്പിൾ ജ്യൂസ് കോൺസെൻട്രേറ്റ് പ്ലാന്റ്, ഫാക്ടറി എന്നിവയുടെ നവീകരണം | വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 1.320 |
| 32 | ചെങ്ങന്നൂർ സമൃദ്ധി - തരിശുരഹിത മണ്ഡലം പദ്ധതി | കാർഷികവികസനകർഷകക്ഷേമവകുപ്പ് | 62.140 |
| 33 | പച്ചക്കറി, പഴവർഗ്ഗങ്ങൾ അടിസ്ഥാനമാക്കിയുള്ള കാർഷിക - പാരിസ്ഥിതിക സോണുകളിൽ ക്ലൈമറ്റ് സ്മാർട്ട് കൃഷി രീതികൾ വർധിപ്പിക്കൽ | വി എഫ് പി സി കെ | 16.500 |

| | | | |
|---|---|---|---|
| 34 | മാമത്തെ സംയോജിത നാളികേര സംസ്കരണ കോംപ്ലെക്സിന്റെ ആധുനിക വത്ക്കരണവും വൈവിധ്യവത്കരണവും | കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെൻറ് കോർപറേഷൻ | 22.110 |
| 35 | ഇടപ്പള്ളിയിൽ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ ഉത്പാദനപ്ലാന്റ് സ്ഥാപിക്കൽ | കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെൻറ് കോർപറേഷൻ | 24.390 |
| | **ആകെ** | | **965.394** |

Raina. V

സെക്ഷൻ ഓഫീസർ